**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4254** | **09-08-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലിടങ്ങൾ സ്ത്രീസൗഹൃദമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലിടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിനും തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ ജില്ലാ തലം മുതൽ അനുരഞ്ജന യോഗങ്ങൾക്കായി ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. 2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട |

| | | | |
|---|---|---|---|
| | | | വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പ് വരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ് വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും, ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, ഈ ഭേദഗതി കേരള സംസ്ഥാനത്തെ സ്വകാര്യ/ അൺ എയ്ഡഡ് സ്കൂളുകളിലെയും സ്വാശ്രയ കോളേജുകളിലെയും സ്ത്രീ ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് എൻഫോഴ്സ്മെന്റ് വിഭാഗം ഉറപ്പ് വരുത്തുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act, 2013'. ഈ നിയമപ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. ഈ വ്യവസ്ഥ 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ